RCS/ 2550/2020-സി.ബി.(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ,ഡി.പി.ഐ. ജംഗ്ഷൻ,
തിരുവനന്തപുരം-695 014
Website: cooperation.kerala.gov.in,
E-mail: keralarcs.coop@kerala.gov.in
Tel: 0471-2330726, 2331891,
തീയതി : **22.05.2020**

## സർക്കുലർ നമ്പർ - 46/2020

വിഷയം :-സഹകരണ വകുപ്പ് - കോവിഡ് 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്കുള്ള നബാർഡ് ധനസഹായം-Special Liquidity Facility(SLF) വിനിയോഗിച്ചുള്ള വായ്പ വിതരണം- മാർഗ്ഗ നിർദ്ദേശങ്ങൾ-സംബന്ധിച്ച്

പരാമർശം :-
1. 16.05.2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ ഉന്നതതല യോഗത്തിലെ ശുപാർശ
2. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 05.05.2020 തീയതിയിലെ ആർ.എഫ്.ഡി./006/2020-21 നമ്പർ സർക്കുലർ

*****

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും(MSME)സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility(SLF) എന്ന പേരിൽ നബാർഡ് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വിവിധ വകുപ്പുകൾക്ക് ലഭ്യമാക്കുന്ന ധനസഹായം, കൃഷി - 60%, മൃഗസംരക്ഷണം - 10%, ക്ഷീരവികസനം - 10, ഫിഷറീസ് - 5%, വ്യവസായം- 15 എന്നീ അനുപാതത്തിലാണ്. കുടിശ്ശിക ഇല്ലാത്ത എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പ്രസ്തുത വായ്പ പദ്ധതിയുടെ വിശദാംശങ്ങൾ പരാമർശം (2) പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്ക് PACS-കൾക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതി വായ്പ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME(സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്.

2. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിടുന്ന - "സുഭിക്ഷ കേരളം" പദ്ധതിയ്ക്ക് വേണ്ടി ധനസഹായം നൽകാവുന്ന മേഖലകളിൽക്കൂടി ടി പദ്ധതി വായ്പ അനുവദിക്കാവുന്നതാണ്.
3. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, വ്യവസായം എന്നീ വകുപ്പുകൾ അർഹരാണെന്ന് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കേണ്ടതാണ്.
4. "സുഭിക്ഷ കേരളം" പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന 4 വായ്പാ പദ്ധതികൾക്ക്(കുളങ്ങളിലെ കരിമീൻ കൃഷി, വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യ കൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി, തീരമൈത്രി പദ്ധതികൾ) പദ്ധതി ധനസഹായം അനുവദിക്കാവുന്നതാണ്.
5. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റ് ആയോ, മാസതവണകളായി ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായോ നൽകാവുന്നതാണ്.
6. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക 2,00,000/- രൂപയാണ്. ഒരു വർഷകാലാവധിയുള്ള ടി വായ്പയുടെ പലിശ നിരക്ക് 6.80% ആണ്. പലിശ അർദ്ധവാർഷിക അടിസ്ഥാനത്തിൽ(ഏപ്രിൽ 01, ഒക്ടോബർ 01) കണക്കാക്കുന്നു. മുതൽ തുക 03.05.2021-ന് മുമ്പ് ഒന്നായി തിരികെ അടയ്ക്കണം. പലിശ കുടിശ്ശിക വരുത്തിയാൽ പലിശയിൻമേൽ 8.80% പിഴപ്പലിശ ഈടാക്കുന്നതാണ്. ഈ പദ്ധതി പ്രകാരമുള്ള വായ്പകൾക്ക് മറ്റ് പലിശ സബ്സിഡികൾ ലഭിക്കുന്നതല്ല.
7. **ഈ പദ്ധതി പ്രകാരമുള്ള വായ്പകൾ 31.05.2020-ന് മുമ്പ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കേണ്ടതാണ്**..
8. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും ഈ പദ്ധതി വായ്പയുടെ വിശദാംശങ്ങളെ സംബന്ധിച്ച പരസ്യ പ്രചാരണ പ്രവത്തനങ്ങൾ നടത്തേണ്ടതും അർഹതയുള്ള പരമാവധി ഗുണഭോക്താക്കൾക്ക് നിശ്ചിത തീയതിയ്ക്ക് മുമ്പായി വായ്പ അനുവദിച്ച് നൽകേണ്ടതുമാണ്. കൂടാതെ ടി വായ്പയുടെ വിവരങ്ങൾ സംഘം ഹെഡ്ഡ് ആഫീസിലേയും ശാഖകളിലേയും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും സംഘം പ്രവർത്തന പരിധിയിലും ആഫീസ് പരിസരത്തും ഫ്ലക്സ്/ബാനർ/പരസ്യബോർഡ്/നോട്ടീസ് തുടങ്ങിയവ മുഖേന പ്രചാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. എല്ലാ ജില്ല ജോയിന്റ് രജിസ്ട്രാർമാരും ഈ വായ്പാപദ്ധതിയുടെ വിശദാശങ്ങൾ ബന്ധപ്പെട്ട സംഘങ്ങളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പരസ്യപ്രചാരണങ്ങൾ പ്രകൃതി സൗഹൃദപരമായ ഉല്പന്നങ്ങൾ ഉപയോഗിച്ചായിരിക്കണം ചെയ്യേണ്ടത്.

9. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന വായ്പകളുടെ വിതരണം, വിനിയോഗം എന്നിവ പരിശോധിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനുമായി സഹകരണ സംഘം ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ) കൺവീനറായി അതാത് വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥർ, കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ജില്ലാ ആഫീസ് മേധാവി, എന്നിവരുൾപ്പെട്ട ഒരു ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രതിമാസ അവലോകനം നടത്തി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

**(ഒപ്പ്)**
**എ. അലക്സാണ്ടർ ഐ.എ.എസ്.**
**സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ് :-
1) സെക്രട്ടറി, കേരള നിയമസഭ(ഉപരിപത്രം സഹിതം)
2) രജിസ്ട്രാർ, കേരള ഹൈക്കോടതി(ഉപരിപത്രം സഹിതം)
3) അഡീഷണൽ ചീഫ് സെക്രട്ടറി, കൃഷി വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
4) സെക്രട്ടറി, സഹകരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
5) പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
6) പ്രിൻസിപ്പൽ സെക്രട്ടറി, ക്ഷീരവികസനവും മൃഗസംരക്ഷണവും ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
7) പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
8) ചീഫ് ജനറൽ മാനേജർ, നബാർഡ്, കേരള റീജിയണൽ ആഫീസ്, തിരുവനന്തപുരം.
9) ഡയറക്ടർ, കൃഷിവകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
10) ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, പട്ടം, തിരുവനന്തപുരം.
11) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
12) ഡയറക്ടർ, വ്യവസായ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
13) ഡയറക്ടർ, ഫിഷറീസ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
14) സഹകരണ ആഡിറ്റ് ഡയറക്ടർ, ജവഹർ സഹകരണ ഭവൻ, തിരുവനന്തപുരം.
15) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
16) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
17) ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ ആഫീസുകൾക്കും
18) സെക്രട്ടറി, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് (ജില്ലാ ജോയിന്റ് രജിസ്ട്രാർ മുഖേന),
19) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
20) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
21) എഡിറ്റർ, സഹകരണവീഥി
22) വെബ്.സൈറ്റ്/ സ്റ്റോക്ക് ഫയൽ/ സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി.)